**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നം. 3212 | 7.11.2019- ൽ<br>മറുപടിയ്ക്ക് |

# <u>കോതമംഗലം മണ്ഡലത്തിൽ പട്ടയ വിതരണം</u>

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോതമംഗലം മണ്ഡലത്തിൽ 1977 ന് മുൻപായി വനഭൂമി കൈവശം വച്ച് കൃഷി ചെയ്ത് ജീവിച്ചുപോരുന്ന അയ്യായിരത്തോളം വരുന്ന കർഷകർക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാകാത്തതിനാൽ യഥാസമയം പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം മണ്ഡലത്തിൽ 1977 ന് മുമ്പായി വനഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) റവന്യൂ വകുപ്പിൽ നിന്നും G.O.No. 478/L/റവന്യൂ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1/1/1977 നു മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 08.02.2019-ലെ സ.ഉ (സാധാ) 476/19/റവ പ്രകാരം കേന്ദ്ര സർക്കാർ അനുമതി ലഭിച്ച ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും 01.01.1977 ന് മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതിനുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (സി) | 08.02.2019-ലെ സർക്കാർ നിർദ്ദേശത്തെ തുടർന്ന് സംയുക്ത പരിശോധന നടത്തുന്നതിലേക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുള്ള |

സ്ഥലങ്ങളുടെ വിവരം അടിയന്തിരമായി സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോതമംഗലം മണ്ഡലത്തിൽ അടിയന്തരമായി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി വേഗത്തിൽ പട്ടയ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി കോതമംഗലം താലൂക്കിൽ ഇല്ലാത്തതാണ്. ഇനിയും സംയുക്ത പരിശോധന നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമുള്ള സാഹചര്യത്തിൽ 01.01.1977-ന് മുൻപുള്ള വനഭൂമി കൈവശം സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നതായി കാണുന്നു. ഇക്കാര്യത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**